പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2151 06.10.2016 ൽ മറുപടിക്ക്

## ട്രെയിൻ യാത്രക്കാരുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി: | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് ട്രെയിനുകൾ പാളം തെറ്റി അപകടങ്ങൾ സംഭവിക്കുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 1/7/2011 മുതൽ 24/9/2016 വരെയുള്ള കാലത്ത് ഇത്തരത്തിലുള്ള എത്ര അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു; അതിന്റെ കാരണം കണ്ടെത്തുകയുണ്ടായോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(എ) ഉണ്ട്.

01.07.2011 മുതൽ 04.09.2016 വരെയുള്ള കാലയളവിൽ 9 അപകടങ്ങൾ തിരുവനന്തപുരം ഡിവിഷനിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അപകടം/ കാരണം | മരണപ്പെട്ടവർ | പരുക്കേറ്റവർ |
|---|---|---|---|
| 19/09/16 | ശാസ്താംകോട്ടയിലെ വാഗൺ അപകടം - പാളംതെറ്റൽ | ഇല്ല | ഇല്ല |
| 28/08/16 | അങ്കമാലി - കറുകുറ്റിയിലെ പാളം തെറ്റൽ - പാളത്തിലെ വിള്ളലാണ് കാരണം. | ഇല്ല | ഇല്ല |
| 20/05/16 | കന്യാകുമാരിയിൽ നിന്നും വന്ന ട്രെയിനിന്റെ പാളംതെറ്റൽ - പ്രകൃതി ദുരന്തമാണ് കാരണം | ഇല്ല | ഇല്ല |
| 17/05/14 | നാഗർകോവിൽ - ബാംഗ്ലൂർ എക്സ്പ്രസ് ആളില്ലാ ലെവൽ ക്രോസിൽ വച്ചുണ്ടായ അപകടം - റോഡ് യാത്രക്കാരുടെ അശ്രദ്ധയാണ് കാരണം | 3 | 2 |
| 02/02/13 | ഏറ്റുമാനൂർ - കറുപ്പൻത്തറയിലെ ആളില്ലാ ലെവൽ ക്രോസിൽ വച്ച് ട്രെയിൻ കാറ്റേ്് ഇടിച്ചുണ്ടായ അപകടം - റോഡ് യാത്രക്കാരുടെ അശ്രദ്ധയാണ് കാരണം | ഇല്ല | 1 |
| 12/12/12 | അമൃത എക്സ്പ്രസ് പാളം തെറ്റൽ - കോച്ചിന്റെ ബാറ്ററി ബോക്സ് തകർന്നതാണ് കാരണം | ഇല്ല | ഇല്ല |
| 23/09/12 | കമ്പളം - ഉറവൂരിലെ ആളില്ലാ ലെവൽ ക്രോസിൽ ട്രെയിൻ കാറിൽ ഇടിച്ചുണ്ടായ | 5 | ഇല്ല |

| | | | |
|---|---|---|---|
| | അപകടം - റോഡ് യാത്രക്കാരുടെ അശ്രദ്ധയാണ് കാരണം. | | |
| 03/01/12 | ഹരിപ്പാട് - അമ്പലപ്പുഴ ലെവൽ ക്രോസിൽ പാസഞ്ചർ ട്രെയിൻ കാറുമായി ഇടിച്ചുണ്ടായ അപകടം - റോഡ് യാത്രക്കാരുടെ അശ്രദ്ധയാണ് കാരണം. | ഇല്ല | 1 |
| 06/08/11 | കരുനാഗപ്പള്ളി - ഓച്ചിറ ലെവൽ ക്രോസിൽ ട്രയിൻ മിനിലോറിയുമായി കൂട്ടിയിടിച്ചുണ്ടായ അപകടം - റോഡ് യാത്രക്കാരുടെ അശ്രദ്ധയാണ് കാരണം. | 5 | 1 |

(ബി) ഈ സാഹചര്യത്തിൽ കേരളത്തിലെ ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദീകരിക്കാമോ?

(ബി) റയിൽവേ ഓഫീസർമാരും സൂപ്പർ വൈസർമാരും കൃത്യമായി പരിശോധനകൾ നടത്തി വരുന്നു. വാഹനങ്ങൾ സുരക്ഷാ നിയമങ്ങൾ പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുവാൻ ഗതാഗത അധികാരികാരികളുമായി ചേർന്ന് വാഹന പരിശോധന നടത്തി വരുന്നു. ലെവൽക്രോസുകളുടെ അടുത്തുള്ള സ്കൂൾ കുട്ടികളെ സുരക്ഷാ നിയമങ്ങളെപ്പറ്റി ബോധവൽക്കരിക്കാൻ സെമിനാറുകൾ നടത്തുന്നു. ലെവൽക്രോസുകളുടെ അടുത്ത് എല്ലാ വർഷവും സുരക്ഷാ പ്രചാരണങ്ങൾ നടത്തി വരുന്നു. ഇതിൽ പോസ്റ്ററുകൾ, ഷോർട്ട് ഫിലിമുകൾ എന്നിവ ഉൾപ്പെടുന്നു. ഷോർട്ട്ഫിലിമുകൾ ടിവി ചാനൽ മുഖേനയും റെയിൽവേ സ്റ്റേഷനുകളിലെ സി.സി.റ്റി.വി മുഖേനയും കാണിക്കുന്നു. 2012 ൽ വൺമോർ മെസേജ് എന്ന പേരിൽ ഒരു സ്കിറ്റ് കേരളത്തിലെ 15 സ്ഥലങ്ങളിൽ റെയിൽവേ അവതരിപ്പിച്ചു. സുരക്ഷാ ബോധവല്ക്കരണത്തിനായി തിരുവനന്തപുരം ഡിവിഷനിൽ സൈക്കിൾ യാത്ര സംഘടിപ്പിച്ചു. പൊതുജനങ്ങളെ ബോധവല്ക്കരിക്കുന്നതിനായി സേഫ്റ്റിഫോർ റയിൽ യൂസേഴ്സ് എന്ന പേരിൽ ഒരു വീഡിയോ തിരുവനന്തപുരം ഡിവിഷനിൽ നിർമ്മിച്ചിട്ടുണ്ട്. 91 ആളില്ലാത്ത ലെവൽ ക്രോസു കളിൽ ഗാർഡുകളെ നിയമിച്ചു. കേരളത്തിലെ എല്ലാ ലെവൽ ക്രോസുകളിലും ആളുകളെ നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ